(സി) പന്തളം മണ്ഡലത്തിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലുള്ള പടനിലം എച്ച്. എസ്. എസ്.-ലെ എത്ര വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ വിദ്യാഭ്യാസ ആനുകൂല്യം മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആയത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വിദ്യാഭ്യാസാനുകൂല്യത്തിന്റെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി കഴിഞ്ഞവർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്കു പുറമേ 626 ലക്ഷം രൂപ കൂടുതലായി അനുവദിച്ചു. ഈ വർഷം വിദ്യാഭ്യാസ ആനുകൂല്യം നൽകാനുള്ള തുകയും ജില്ലകൾക്ക് ഇതിനകം നൽകിക്കഴിഞ്ഞു.

(സി) പടനിലം എച്ച്. എസ്. എസ്.-ൽ നിന്നും ലഭിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള എല്ലാ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

തലശ്ശേരി തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

146 |1085| *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി. ഇ. എഫ്. ആർ.) സമർപ്പിക്കുകയുണ്ടായോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 21.79 കോടി രൂപയുടെ ഒരു പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കും ഫണ്ടിനുമായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടുണ്ട്. വളരെയധികം പേജുകളുള്ള ബൃഹത്തായ റിപ്പോർട്ട് ആയതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാകുക പ്രായോഗികമല്ല.

(സി) കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly